പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നംപർ. 1497

15.06.2012 ൽ മറുപടിയ്ക്ക്

## സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തം

ചോദ്യം

ശ്രീ. പി.സി. വിഷ്ണുനാഥ്

ശ്രീ.എ.റ്റി ജോർജ്

ശ്രീ . എം. പി. വിൻസെന്റ്

ശ്രീ. ഹൈബി ഈഡൻ

ഉത്തരം

ഡോ. എം.കെ. മുനീർ

പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി

| | | | |
|---|---|---|---|
| എ | സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ പങ്കാളിയാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് ; | എ | സുരക്ഷാ മിഷൻ നടപ്പിലാക്കി വരുന്ന വൈകല്യ നിർണ്ണയ മെഡിക്കൽ ക്യാമ്പുകളിൽ ആലോചന യോഗം മുതൽ അവസാനംവരെയുള്ള പ്രവർത്തനങ്ങളിൽ അതാതു പ്രദേശത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ കൂടി ഉൾക്കൊള്ളിച്ച് പദ്ധതി നടപ്പാക്കി വരുന്നു. കൂടാതെ മാനസിക വെല്ലുവിളികൾ നേരിടുന്നവരും ശയ്യാവലംബരുമായവരെ പരിചരിക്കുന്നവർക്ക് നൽകുന്ന പ്രതിമാസ ധനസഹായ പദ്ധതിയ്ക്കുള്ള അപേക്ഷ ക്ഷണിക്കുന്നതും സ്വീകരിക്കുന്നതുമെല്ലാം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളുടെ പങ്കാളിത്തത്തോടു കൂടിയാണ്. ഈ പദ്ധതികളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പങ്കാളികളാകേണ്ടതിന്റെ ആവശ്യകത പരിഗണിച്ച് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും തനത്/പ്ലാൻ ഫണ്ടിൽ നിന്നും 10 ലക്ഷം, 5 ലക്ഷം, 1 ലക്ഷം എന്നീ ക്രമത്തിൽ സാമൂഹ്യ സുരക്ഷാ മിഷന് സംഭാവന നൽകുവാൻ സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. |
| ബി | സാമൂഹ്യ സുരക്ഷാമിഷൻ മുഖേന നടപ്പിലാക്കുന്ന ജിവ കാരുണ്യ പ്രവർത്തനങ്ങളിൽ പങ്കാളികളാകുവാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ സജ്ജമാക്കുമോ ; | ബി | സാമൂഹ്യ സുരക്ഷാ മിഷൻ നടപ്പാക്കിവരുന്ന എല്ലാ ജീവകാരുണ്യ പ്രവർത്തനങ്ങളിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തം ഉറപ്പാക്കുന്നതിനുള്ള നടപടി കൈക്കൊണ്ടുവരുന്നു. |

| | | | |
|---|---|---|---|
| | | | |
| സി | ഇതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ ? | സി | ഫണ്ട് ശേഖരണാർത്ഥം ആരംഭിച്ചിട്ടുള്ള സ്റ്റാമ്പ് വിൽപനയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ മേൽനോട്ടവും പങ്കാളിത്തവും ഉറപ്പാക്കാൻ സർക്കാർ തന്നെ നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ വൈകല്യ നിർണ്ണയ ക്യാമ്പ്, ആശ്വാസകിരണം പദ്ധതി, വയോമിത്രം പ്രോജക്ട് എന്നീ പദ്ധതികളുടെ നടത്തിപ്പിലും, ഗുണഭോക്താക്കളുമായി ബന്ധപ്പെട്ട വിഷയങ്ങളിലും അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളുടെ കാര്യമായ പങ്കാളിത്തം ഉണ്ടാകാറുണ്ട്. |

R. Vijayan

സെക്ഷൻ ഓഫീസർ